കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്
ഏവിയൻ റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന്
പാലക്കാട് - 678601

നമ്പർ:എ.ആർ.എസ്/ആർ.എഫ്/111/2025(i) തിയതി :27.08.2025

## ടെൻഡർ നോട്ടീസ്

കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ്സ് യൂണിവേഴ്സിറ്റി തിരുവാഴാംകുന്ന് ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ഏവിയൻ റിസർച്ച് സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിന്റെ ഭാഗമായുള്ള ഫീഡ് മില്ലിലേക്ക് ചാക്ക് വിതരണം ചെയ്യുന്നതിന് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ വിതരണക്കാരിൽ നിന്ന് മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

### കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു "തിരുവാഴാംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിന്റെ ഭാഗമായുള്ള ഫീഡ് മില്ലിലേക്ക് ചാക്ക് വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

ടെൻഡർ അയക്കേണ്ട വിലാസം: **സ്പെഷ്യൽ ഓഫീസർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ് എ.ആർ.എസ്. തിരുവാഴാംകുന്ന്.**

ടെൻഡർ ലഭിക്കേണ്ട അവസാന തിയതി,സമയം : **08.09.2025, 11.30 AM**

ടെൻഡർ തുറക്കുന്ന തിയതി , സമയം : **08.09.2025, 12.00 PM**

കരാർ പ്രാബല്യം : 1 വർഷം

ടെൻഡർ പ്രമാണങ്ങൾ സ്വീകരിക്കുന്ന ഓഫീസ് : റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, തിരുവാഴാംകുന്ന്, പാലക്കാട്

(ടെൻഡറിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു)

**സ്പെഷ്യൽ ഓഫീസർ & പി.ഐ**

Special Officer & PI
Revolving Fund Poultry Project
Avian Research Station
KVASU, Thiruvazhamkunnu

## വിശദാംശങ്ങൾ

| ഇനം | ചാക്കിന്റെ അളവ് | നിരക്ക് |
|---|---|---|
| എച്ച്.ഡി.പി.ഇ വോവൻ പ്രിന്റട് ചാക്ക്-50KG (ചാക്ക് ഒന്നിന് 110 ഗ്രാം) | 28*41 ഇഞ്ച് വെള്ള ചാക്ക് | |
| എച്ച്.ഡി.പി.ഇ വോവൻ പ്ലെയിൻ ചാക്ക്-50KG (ചാക്ക് ഒന്നിന് 110 ഗ്രാം) | 28*41 ഇഞ്ച് വെള്ള ചാക്ക് | |
| എച്ച്.ഡി.പി.ഇ വോവൻ ലാമിനേറ്റട് പ്രിന്റട് ചാക്ക്-50KG (ചാക്ക് ഒന്നിന് 125 ഗ്രാം) | 28*41 ഇഞ്ച് വെള്ള ചാക്ക് | |
| എച്ച്.ഡി.പി.ഇ വോവൻ ലാമിനേറ്റട് പ്ലെയിൻ ചാക്ക്-50KG (ചാക്ക് ഒന്നിന് 125 ഗ്രാം) | 28*41 ഇഞ്ച് വെള്ള ചാക്ക് | |

## നിബന്ധനകൾ

1. ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു "തിരുവാഴാംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിന്റെ ഭാഗമായുള്ള ഫീഡ് മില്ലിലേക്ക് ചാക്ക് വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ"എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. കരാറിന്റെ കാലയളവ് ടെൻഡർ സ്വീകരിച്ചതു മുതൽ ഒരു വർഷത്തേക്കുള്ള കാലയളവിലേക്കാണ്. ഈ കാലയളവിൽ യാതൊരു കാരണവശാലും കരാർ തുക വർധിപ്പിക്കുന്നതല്ല.
3. അച്ചടിച്ചതിന്റെയും അച്ചടിക്കാത്തതിന്റെയും വില ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്.
4. ടെൻഡറിൽ രേഖപ്പെടുത്തുന്ന തുക കയറ്റിറക്ക് കൂലി ഉൾപ്പടെ ആയിരിക്കണം.
5. സപ്ലൈ ഓർഡർ പ്രകാരമുള്ള ചാക്കുകൾ കൃത്യ സമയത്ത് ഫീഡ് മില്ലിൽ എത്തിച്ചു നൽകേണ്ടതാണ്.
6. ചാക്കുകൾ വിതരണം ചെയ്യുന്ന സമയത്തെ കയറ്റിറക്കു ജോലി തിരുവിഴാംകുന്നിലെ അംഗീകൃത യൂണിയൻ തൊഴിലാളികളാണ് ചെയ്യുന്നത്. കയറ്റിറക്ക് തൊഴിലാളികൾക്കുള്ള കൂലി അതാത് സമയത്ത് തന്നെ കരാറുകാരൻ നൽകേണ്ടതാണ്.
7. ടെൻഡർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി ഡിപ്പോസിറ്റായി ഒരു വർഷത്തെ കരാർ തുകയുടെ 5% ആയ തുക സ്പെഷ്യൽ ഓഫീസർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, എ.ആർ.എസ്. തിരുവാഴാംകുന്ന് എന്ന പേരിൽ എസ്.ബി.ഐ. അലനല്ലൂർ ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റോയോ, ഓഫീസിൽ നേരിട്ടോ അടക്കേണ്ടതാണ്.

8. ടെൻഡർ ഫോമിൻറെ വില ആയ രൂപ 1416/- (1200 + **Gst** 18% **Amount** Rs.216/-)രൂപയുടെയും നിരതദ്രവ്യമായ 6000/- രൂപയുടെയും വെവേറെ ഡിമാൻഡ് ഡ്രാഫ്റ്ററായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

9. ടെൻഡർ ഫോമിന്റെ വില ആയ 1416/- രൂപയും നിരതദ്രവ്യം ആയ 6000/- രൂപയും സ്പെഷ്യൽ ഓഫീസർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, എ.ആർ.എസ് തിരുവാഴാംകുന്ന് എന്ന പേരിൽ എസ്.ബി.ഐ അലനല്ലൂർ ബ്രാഞ്ചിൽ മാറാവുന്ന വെവേറെ ഡിമാൻഡ് ഡ്രാഫ്റ്ററായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽ പറഞ്ഞ തുകകൾക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്ററുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.

10. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിൻമാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും .

11. സ്പെഷ്യൽ ഓഫീസർക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ സമയത്തെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.

12. കരാറുകാരൻ 200 രൂപ മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വെക്കേണ്ടതാണ്.

13. തൃപ്തികരമായ രീതിയിൽ ചാക്ക് വിതരണം ചെയ്ത ശേഷം മാത്രമേ ബിൽ തുക അനുവദിക്കുകയുള്ളു. ചാക്ക് തൃപ്തികരമായ രീതിയിൽ വിതരണം ചെയ്ത ശേഷം മൊത്തം ബിൽ കയറ്റിറക്ക് കൂലി ഉൾപ്പെടെ നൽകേണ്ടതാണ്. യാതൊരു കാരണവശാലും തുക മുൻകൂറായി നൽകുന്നതല്ല.

14. കരാറുകാരൻ ചാക്കുകൾ നിശ്ചിത സമയത്ത് നൽകാതെയോ ഇടക്കുവെച്ച് നിർത്തുകയോ ചെയ്താൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് കരാർ നൽകുന്നതായിരിക്കും.

15. സ്പെഷ്യൽ ഓഫീസർ, അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയ്ക്കോ, വ്യക്തികൾക്കോ അദ്ദേഹം ആവശ്യപ്പെടുന്ന സമയത്ത് കൃത്യമായി ചാക്കുകൾ വിതരണം ചെയ്യേണ്ടതാണ്.

16. ചാക്കുകൾ വിതരണം ചെയ്യുന്നതിൽ ഏതെങ്കിലും രീതിയിൽ തടസ്സം നേരിട്ടാൽ പകര സംവിധാനം കരാറുകാരൻ ഉണ്ടാക്കേണ്ടതും, അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ ചിലവിൽ സ്ഥാപനം തന്നെ വേറെ വിതരണ മാർഗ്ഗം ലഭ്യമാക്കുകയും, അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദി ആയിരിക്കും.

17. സ്പെഷ്യൽ ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ വ്യക്തികളോ പുറപ്പെടുവിക്കുന്ന ഏതൊരു നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

18. **08.09.2024, 11.30 am** മണി വരെ ലഭ്യമാകുന്ന എല്ലാ ടെൻഡറുകളും സ്പെഷ്യൽ ഓഫീസറുടെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കി ഏറ്റവും കുറഞ്ഞ നിരക്ക് പ്രദർശിപ്പിക്കുകയും മേൽ പറഞ്ഞ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാമെന്നു ഉറപ്പു നൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നൽകപ്പെടുന്നതാണ്.

19. വൈകി സമർപ്പിക്കപ്പെടുന്നതും അപൂർണ്ണവും ആയ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

20. ഈ ടെൻഡർ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണം ബോധിപ്പിക്കാതെ ടെൻഡർ

നിരാകരിക്കരിക്കുന്നതിനുള്ള പരിപൂർണ്ണ അവകാശം സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

21. ഗവണ്മെന്റ് ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

സ്പെഷ്യൽ ഓഫീസർ & പി.ഐ

Special Officer & PI
Revolving Fund Poultry Project
Avian Research Station
KVASU, Thiruvazhamkunnu

പകർപ്പ് : നോട്ടീസ്ബോർഡ്/സി.എ.എസ്.എം./എൽ.ആർ.എസ്.തിരുവാഴാംകുന്ന്/ഫയൽ/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്

REVOLVING FUND POULTRY PROJECT
AVIAN RESEARCH STATION
KVASU
THIRUVAZHAMKUNNU